10
ബുധൻ
2018 ഒക്ടോബർ
1194 കന്നി 24

മക്തബ്

www.makthabdaily.com

റെഡിമെയ്ഡ്
കട്ടിള
ജനൽ
ഡോർ
കട്ടിള 3,750/-
3 പാളി ജനൽ 9,350/-
ഡോർ 2,400/-
സോന വുഡ്
N.H ചിറവക്ക്, തളിപ്പറമ്പ് | N.H മാങ്ങാട്
Mob: 8592 888005 | 8593 888 013

തളിപ്പറമ്പ പുസ്തകം 11 ലക്കം 297 makthabdaily@gmail.com RNI Reg.No.KER MAL/2007/22043 Reg.No.KL/KNR/15/2018-20 Ph: 0460- 2208010 പേജ് 4 വില: 5.00 രൂപ

ശബരിമല സ്ത്രീ പ്രവേശനം തെരുവിൽ പ്രതിഷേധം ആളിക്കത്തി

തിരു: ശബരിമല സ്ത്രീ പ്രവേശനം അനുവദിച്ചുകൊണ്ടുള്ള സുപ്രീംകോടതി വിധിക്കെതിരെ കേരളത്തിന്റെ തെരുവീഥികളിൽ പ്രതിഷേധം ആളിക്കത്തി. ശബരിമല കർമ്മസമിതിയുടെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും പ്രധാന കേന്ദ്രങ്ങളിൽ റോഡുകൾ ഉപരോധിച്ചു. എൻ.ഡി.എയുടെ നേതൃത്വത്തിൽ പന്തളത്ത് നിന്ന് തിരുവനന്തപുരത്തേക്ക് ശബരിമല സംരക്ഷണ ലോംഗ് മാർച്ച് ആരംഭിച്ചു. ബി.ജെ.പി സംസ്ഥാന അധ്യക്ഷൻ പി.എസ്.ശ്രീധരൻപിള്ളയാണ് ലോംഗ് മാർച്ചിന് നേതൃത്വം നൽകുന്നത്.

തിരുവനന്തപുരത്ത് 14 കേന്ദ്രങ്ങളിൽ റോഡുകൾ ഉപരോധിച്ചു. എറണാകുളം ജില്ലയിലും 14 കേന്ദ്രങ്ങളിൽ റോഡുകൾ ഉപരോധിച്ചതിനെ തുടർന്ന് ഗതാഗതം മണിക്കൂറുകളോളം മുടങ്ങി. മൂവാറ്റുപുഴയിൽ ഉപരോധക്കാരും പോലീസും തമ്മിൽ ചെറിയതോതിൽ സംഘർഷം നടന്നു. തൃശൂരിൽ പാറമേക്കാവ്, തിരുവമ്പാടി എന്നിവിടങ്ങളിൽ നിന്ന് നാമജപ ഘോഷയാത്രയായി നഗരമധ്യത്തിലെത്തിയാണ് റോഡ് ഉപരോധിച്ചത്. കോഴിക്കോട് ജില്ലയിൽ 11 കേന്ദ്രങ്ങളിൽ റോഡ് ഉപരോധിച്ചു. കണ്ണൂർ ജില്ലയിൽ കണ്ണൂർ, ഇരിട്ടി, തളിപ്പറമ്പ്, പയ്യന്നൂർ, തലശേരി തുടങ്ങിയ കേന്ദ്രങ്ങളിൽ റോഡ് ഉപരോധം നടന്നു. തെക്കൻ ജില്ലകളിൽ നടന്ന ഉപരോധത്തിൽ സ്ത്രീകളുടെ വൻ പങ്കാളിത്തം ദൃശ്യമായിരുന്നു.

തളിപ്പറമ്പ: ശബരിമല കർമ്മസമിതി പ്രവർത്തകർ തളിപ്പറമ്പിൽ ദേശീയപാത ഉപരോധിച്ചു. ക്ഷേത്ര സംരക്ഷണ സമിതി കൗൺസിൽ മെമ്പർ കെ.വി.കൃഷ്ണൻ ഉദ്ഘാടനം ചെയ്തു. കെ.കെ.സുരേഷ്ബാബു അധ്യക്ഷത വഹിച്ചു. എ.കെ.നാരായണൻ, ടി.വി.വിജയൻ സംസാരിച്ചു. മോഹന കൃഷ്ണൻ സ്വാഗതവും കെ.ടി.വിജയകുമാർ നന്ദിയും പറഞ്ഞു. സി.ഐ കെ.ജെ. വിനോയ്, എസ്.ഐമാരായ കെ.ദിനേശൻ (തളിപ്പറമ്പ), ബിനു മോഹൻ (പഴയങ്ങാടി), സുനിൽകുമാർ (ആലക്കോട്), പ്രകാശൻ ((ശ്രീകണ്ഠപുരം), ജോൺസൺ (പയ്യാവൂർ) എന്നിവരുടെ നേതൃത്വത്തിൽ പോലീസ് സംഘം സുരക്ഷയൊരുക്കി.

കണ്ണൂർ: ശബരിമല കർമ്മസമിതി ആഭിമുഖ്യത്തിൽ കാൾടെക്സിൽ റോഡ് ഉപരോധിച്ചു. ഭാരതീയ വിചാര കേന്ദ്രം സംസ്ഥാന സെക്രട്ടറി വി.മഹേഷ് ഉദ്ഘാടനം ചെയ്തു. വി. മണിവർണൻ അധ്യക്ഷത വഹിച്ചു. എ.കെ.വിനോദ്, എ.ദാമോദരൻ, ഭാഗ്യശീലൻ ചാലാട്, ആർ.കെ.ഗിരിധരൻ സംസാരിച്ചു. പി.സുകേഷ് സ്വാഗതം പറഞ്ഞു.

ശബരിമല ആചാരം സംരക്ഷിക്കണമെന്നാവശ്യപ്പെട്ട് കർമ്മസമിതിയുടെ ആഭിമുഖ്യത്തിൽ തളിപ്പറമ്പിൽ റോഡ് ഉപരോധിക്കുന്നു

വെള്ളാപ്പള്ളിയെ തള്ളി മകൻ; ബി.ഡി.ജെ.എസിനെ തള്ളി സി.കെ.ജാനു

തിരുവനന്തപുരം: ശബരിമല വിഷയത്തിൽ എൻ.ഡി.എ നേതൃത്വത്തിൽ ആരംഭിച്ച പ്രക്ഷോഭത്തിൽ തുഷാർ വെള്ളാപ്പള്ളി പങ്കാളിയായി. എസ്.എൻ.ഡി.പി യോഗം ജന. സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ ഇന്നലെ ശബരിമല പ്രക്ഷോഭത്തെ തള്ളിപ്പറഞ്ഞിരുന്നു. സംസ്ഥാന സർക്കാരിനെ ന്യായീകരിച്ചു കൊണ്ട് അദ്ദേഹം വാർത്താസമ്മേളനം നടത്തുകയും ചെയ്തു. അതിന് പിറകെയാണ് വെള്ളാപ്പള്ളി നടേശന്റെ മകൻ കൂടിയായ ബി.ഡി.ജെ.എസ് നേതാവ് തുഷാർ വെള്ളാപ്പള്ളി എൻ.ഡി.എയുടെ നേതൃത്വത്തിൽ ആരംഭിച്ച ശബരിമല സംരക്ഷണ കാൽനടയാത്രയിൽ പങ്കാളിയായത്. അതേസമയം ബി.ഡി.ജെ.എസ് ഘടകകക്ഷിയായ ജനാധിപത്യ രാഷ്ട്രീയസഭ പ്രക്ഷോഭത്തിൽ നിന്ന് വിട്ടുനിൽക്കുകയാണ്. സി.കെ.ജാനു നേതൃത്വം നൽകുന്ന ഈ സംഘടന എൻ.ഡി.എയുമായുള്ള ബന്ധം അവസാനിപ്പിക്കുമെന്നാണ് സൂചന. ശബരിമല സ്ത്രീ പ്രവേശന വിധിയെ സ്വാഗതം ചെയ്ത് സി.കെ.ജാനു നേരത്തെ രംഗത്ത് വന്നിരുന്നു.

ബി.ജെ.പിയെ വെട്ടിലാക്കി കേരളത്തിന് പുറത്തുള്ള നേതാക്കൾ

കണ്ണൂർ: ശബരിമല സ്ത്രീ പ്രവേശനത്തിൽ സുപ്രീംകോടതി വിധിക്കെതിരെ കേരളത്തിൽ ശക്തമായ സമരം ബി.ജെ.പി നേതൃത്വത്തിൽ സംഘടിപ്പിക്കുമ്പോൾ അഖിലേന്ത്യാ നേതൃത്വത്തിലെ ചിലരുടെ നിലപാടുകൾ സംഘടനയെ വെട്ടിലാക്കി. മുതിർന്ന ബി.ജെ.പി നേതാവായ സുബ്രഹ്മണ്യം സ്വാമി കോടതി വിധിയെ ശക്തമായി ന്യായീകരിച്ചുകൊണ്ട് രംഗത്തുവരികയുണ്ടായി. കോടതി വിധി എതിർപ്പുകാരെ വെടിവെച്ചായാലും നടപ്പിലാക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ നിലപാട്.

ബി.ജെ.പിയെ അനുകൂലിക്കുന്ന റിപ്പബ്ലിക് ടി.വിയുടെ പ്രധാനി അർണ്ണാബ് ഗോസ്വാമി സ്ത്രീപ്രവേശനത്തെ അനുകൂലിച്ചുകൊണ്ട് രംഗത്തുവരികയുണ്ടായി. കഴിഞ്ഞ ദിവസം അദ്ദേഹം സ്ത്രീ പ്രവേശനത്തെ എതിർക്കുന്നവരിൽ മുമ്പന്തിയിൽ നിൽക്കുന്ന രാഹുൽ ഈശ്വറിനെ കടുത്ത ഭാഷയിൽ അപലപിക്കുകയുണ്ടായി. ശബരിമലയിൽ സ്ത്രീ പ്രവേശനം ആവശ്യപ്പെട്ട് നൽകിയ ഹർജിയിൽ 12 വർഷമായി ഹാജരായത് ആർ.എസ്.എസിന്റെ വനിതാ വിഭാഗമായ രാഷ്ട്ര സേവാ സമിതിയുടെ സജീവ പ്രവർത്തകയായ പ്രേരണാകുമാരിയായിരുന്നു. ബി.ജെ.പി അധ്യക്ഷൻ അമിത്ഷായുമായി അടുത്ത ബന്ധമുള്ള സിദ്ധാർത്ഥ ശംബുവിന്റെ ഭാര്യയാണ് പ്രേരണാകുമാരി. കേസിൽ ഹാജരായ മറ്റ് രണ്ടു പേർക്കും ആർ.എസ്.എസുമായി അടുത്ത ബന്ധമുണ്ട് എന്നതും സംഘടനയെ പ്രതിസന്ധിയിലാക്കുന്നു. നവമാധ്യമങ്ങളിലൂടെ ഇക്കാര്യം ചൂണ്ടിക്കാണിച്ച് സംഘപരിവാർ സംഘടനകൾക്ക് ഈ വിഷയത്തിൽ ഇരട്ടത്താപ്പാണെന്ന പ്രചാരണം ശക്തമാണ്.

ബ്രൂവറി അനുമതി: അന്വേഷണം ആവശ്യപ്പെട്ടുള്ള ഹർജി തീർപ്പാക്കി

എറണാകുളം: ബ്രൂവറികൾക്ക് അനുമതി നൽകിയതിൽ അന്വേഷണം ആവശ്യപ്പെട്ട് സമർപ്പിച്ച ഹർജി ഹൈക്കോടതി തള്ളി. ബ്രൂവറികൾക്കും ഡിസ്റ്റിലറികൾക്കും അനുമതി നൽകിയ ഉത്തരവ് സർക്കാർ റദ്ദാക്കിയ സാഹചര്യത്തിലാണ് ഹർജി തള്ളിയത്. സ്വതന്ത്ര അന്വേഷണം ആവശ്യപ്പെട്ട് സി.വി. തോമസ് എന്നയാളാണ് കോടതിയെ സമീപിച്ചത്. ചീഫ് ജസ്റ്റിസ് അധ്യക്ഷനായ ബെഞ്ചാണ് കേസ് പരിഗണിച്ചത്. ഇക്കാര്യത്തിൽ എന്തെങ്കിലും ചട്ടലംഘനം ഉണ്ടായിട്ടുണ്ടെങ്കിലും സർക്കാർ അനുമതി റദ്ദാക്കിയല്ലോയെന്ന് കോടതി ചൂണ്ടിക്കാണിച്ചു. പുതിയ ബ്രൂവറികൾക്കും ഡിസ്റ്റിലറികൾക്കും അനുമതി നൽകുന്നതിന് കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടെന്ന സർക്കാരിന്റെ നിലപാട് രേഖപ്പെടുത്തിയ ശേഷമാണ് കോടതി ഹർജി തള്ളിയത്.

സുന്നി പള്ളികളിലെ സ്ത്രീ പ്രവേശനം: 'നിസ' സുപ്രീംകോടതിയിലേക്ക്

കോഴിക്കോട്: സുന്നി പള്ളികളിൽ സ്ത്രീ പ്രവേശനം അനുവദിക്കണമെന്നാവശ്യപ്പെട്ട് മുസ്ലിം വനിതാ സംഘടനയായ 'നിസ' സുപ്രീംകോടതിയിലേക്ക്. സാഹിത്യകാരി വി.പി. സുഹറ നേതൃത്വം നൽകുന്ന സംഘടനയാണ് 'നിസ'. ശബരിമലയിൽ സ്ത്രീ പ്രവേശനം അനുവദിച്ചുകൊണ്ട് സുപ്രീംകോടതി വിധി വന്നതിന്റെ പശ്ചാത്തലത്തിലാണ് നിസയുടെ നീക്കം. നിലവിൽ മുജാഹിദുകളുടെയും ജമാഅത്ത് ഇസ്ലാമികളുടെയും പള്ളികളിൽ സ്ത്രീ പ്രവേശനം അനുവദിക്കുന്നുണ്ട്. എന്നാൽ സുന്നി പള്ളികളിൽ നിലവിലുള്ള രീതിയിൽ യാതൊരു മാറ്റവും വരുത്താൻ ആഗ്രഹിക്കുന്നില്ലെന്ന് ഇ.കെ. വിഭാഗം സുന്നി നേതാക്കൾ വ്യക്തമാക്കി. അതേസമയം സ്ത്രീ പ്രവേശനം സംബന്ധിച്ച് ഇപ്പോൾ പ്രതികരിക്കുന്നില്ലെന്ന നിലപാടാണ് കാന്തപുരം വിഭാഗം നേതാക്കൾ അറിയിച്ചത്.

തീവണ്ടി പാളംതെറ്റി ഏഴുപേർ മരിച്ചു

റായ്ബറേലി: ഉത്തർപ്രദേശിലെ റായ്ബറേലി ന്യൂ ഫറാക്ക തീവണ്ടി പാളം തെറ്റി ഏഴുപേർ മരിച്ചു. 60 പേർക്ക് പരിക്കേറ്റു. ഇതിൽ 30 പേരുടെ നില ഗുരുതരമാണ്. ഇന്ന് രാവിലെയാണ് ഹർചന്ദ്പൂർ റെയിൽവേ സ്റ്റേഷന് സമീപം തീവണ്ടിയുടെ ഒമ്പത് ബോഗികൾ പാളം തെറ്റിയത്. റായ്ബറേലിയിൽ നിന്ന് ഡൽഹിയിലേക്ക് പോവുകയായിരുന്നു തീവണ്ടി. പാളം തെറ്റാനുള്ള കാരണം വ്യക്തമല്ല.

യുവതിക്ക് പേപ്പട്ടിയുടെ കടിയേറ്റു

ആലക്കോട്: വായാട്ടുപറമ്പിൽ ഇന്ന് രാവിലെയുണ്ടായ പേപ്പട്ടി വിളയാട്ടം ജനങ്ങളെ പരിഭ്രാന്തിയിലാഴ്ത്തി. ഇന്ന് രാവിലെ ആറ് മണിയോടെയാണ് സംഭവം. വായാട്ടുപറമ്പ് സെന്റ് ജോസഫ്സ് പള്ളിക്ക് സമീപത്തെ മഠത്തിങ്കൽ സിനിദാസന്റെ (42) പേപ്പട്ടിയുടെ കടിയേറ്റു. സമീപത്തെ പുല്ലംകുന്നേൽ സണ്ണിയുടെ ആടിനെ പേപ്പട്ടി ആക്രമിക്കുന്നത് തടയാൻ ശ്രമിച്ചപ്പോഴാണ് സിനിക്ക് കടിയേറ്റത്. ഇവരെ കണ്ണൂർ ജില്ല ആശുപത്രിയിൽ പ്രവേശിപ്പിച്ചു. പരിസരത്തെ നിരവധി വളർത്ത് മൃഗങ്ങൾക്കും പേപ്പട്ടിയുടെ കടിയേറ്റു.

യുവാവ് കടവരാന്തയിൽ തൂങ്ങിമരിച്ചു

കണ്ണൂർ: യുവാവിനെ കടവരാന്തയിൽ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തി. കൊറ്റാളിയിലെ ഇരുമംഗലത്ത് അജിത്തിനെയാണ് (45) ഇന്ന് പുലർച്ചെ കൊറ്റാളിയിലെ കടവരാന്തയിൽ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തിയത്. കൊറ്റാളി-ആദികടലായി റൂട്ടിലോടുന്ന ബസിന്റെ ഡ്രൈവറാണ്. വാഹനാപകടത്തിൽ പരിക്കേറ്റതിന് ശേഷം കണ്ടക്ടറായി ജോലി ചെയ്തുവരികയാണ്. സ്വന്തം വീട് പള്ളിപ്രത്താണ്. പരേതരായ കുഞ്ഞിരാമൻ-കനക ദമ്പതികളുടെ മകനാണ്. ഭാര്യ: സൈജ. മക്കൾ: അക്ഷയ്, അക്ഷര. സഹോദരങ്ങൾ: ഉമേഷ്ബാബു, സീമ, സജിത്ത്.

കെട്ടിടത്തിൽ നിന്ന് വീണ് ഇതരസംസ്ഥാന തൊഴിലാളി മരിച്ചു

കാഞ്ഞങ്ങാട്: കെട്ടിടത്തിന്റെ മുകളിൽ നിന്ന് വീണ് ഇതര സംസ്ഥാന തൊഴിലാളി മരിച്ചു. ജാർഖണ്ഡ് സ്വദേശി മുക്താർ അൻസാരിയാണ് (24) മരിച്ചത്. അതിഞ്ഞാലിൽ സഹപ്രവർത്തകർക്കൊപ്പം താമസിക്കുന്ന വാടക കെട്ടിടത്തിന്റെ മുകളിൽ നിന്ന് മിനിഞ്ഞാന് രാത്രിയാണ് ഇയാൾ വീണത്. പരിയാരം മെഡി. കോളേജ് ആശുപത്രിയിലെത്തിച്ചെങ്കിലും ഇന്നലെ സന്ധ്യയോടെ മരണമടഞ്ഞു. രണ്ടുവർഷമായി കേരളത്തിൽ ജോലി ചെയ്യുന്ന മുക്താർ രണ്ട് ദിവസം മുമ്പാണ് നാട്ടിൽ പോയി തിരിച്ചെത്തിയത്. മൃതദേഹം കാഞ്ഞങ്ങാട് തൈക്കെപ്പുറം ബ്രദേഴ്സ് ക്ലബ് പ്രവർത്തകരുടെ സഹായത്തോടെ നാട്ടിലേക്ക് കൊണ്ടുപോയി.

ശ്രീകണ്ഠപുരത്ത് ബസ് ഡ്രൈവർക്ക് ക്രൂരമർദനം; നാലുപേർക്കെതിരെ കേസ്

ശ്രീകണ്ഠപുരം: ആളെ ഇടിച്ച് ബസ് നിർത്താതെ പോയെന്നാരോപിച്ച് ഡ്രൈവർക്ക് ക്രൂര മർദനം. കണ്ണൂർ- മലപ്പട്ടം- ശ്രീകണ്ഠപുരം റൂട്ടിലോടുന്ന കെ.എൽ. 58 എൻ. 2545 ബസിന്റെ ഡ്രൈവർ മയ്യിൽ കണ്ടക്കൈയിലെ മുസാൻകുന്നേൽ പുതിയപുരയിൽ മുഹമ്മദ് റാഫിക്കാണ് (33) മർദനമേറ്റത്. ഇയാളെ പരിക്കുകളോടെ ശ്രീകണ്ഠപുരം ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

ഇന്നലെ വൈകീട്ട് കണിയാർവയലിൽ വച്ച് ബസ് തടഞ്ഞുനിർത്തിയ ശേഷം ഡ്രൈവറെ പിടിച്ചിറക്കി ചീത്ത വിളിക്കുകയും അടിച്ച് പരിക്കേൽപ്പിച്ച ശേഷം ചുണ്ടിന് കുത്തിപ്പരിക്കേൽപ്പിക്കുകയുമായിരുന്നു എന്നാണ് പരാതി. സംഭവത്തിൽ രാജൻ, സോമൻ മറ്റ് കണ്ടാലറിയാവുന്ന രണ്ടുപേർ എന്നിവർക്കെതിരെ ശ്രീകണ്ഠപുരം പോലീസ് കേസെടുത്തു.